ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

എസ്.ഐ. നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത

178 (7741) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ. നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത എന്താണ് ;

(ബി) പ്രൊഫഷണൽ സാങ്കേതിക ബിരുദം നേടിയവർക്ക് പ്രസ്തുത നിയമനത്തിന് അപേക്ഷിക്കാമോ എന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ ബിരുദങ്ങളും എസ്.ഐ. നിയമനത്തിനുള്ള യോഗ്യതയായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എസ്.ഐ. നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത അംഗീകൃത സർവ്വകലാശാല ബിരുദമാണ്.

(ബി & സി) വിവരം രേഖരിച്ചു നൽകുന്നതാണ്.

സ്പെഷ്യൽ വിംഗുകളിൽ ജോലി നിർവ്വഹിക്കുന്ന വനിതാ പോലീസ്

179 (7742) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പെഷ്യൽ വിംഗുകളിൽ എത്ര വനിതാ പോലീസുകാർ ജോലി നോക്കിവരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വനിതാ പോലീസുകാരിൽ ഒരേസ്ഥലത്ത് മൂന്നുവർഷ കാലയളവിൽ കൂടുതൽ ജോലി നിർവ്വഹിച്ചുവരുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 79 പേർ.

(ബി) പ്രസ്തുത വനിതാ പോലീസുകാരിൽ 21 പേർ ഒരേ സ്ഥലത്ത് മൂന്നു വർഷകാലയളവിൽ കൂടുതൽ ജോലി നിർവ്വഹിച്ചുവരുന്നു. 10 പേർ കേരള പോലീസ് അക്കാഡമിയിലും ഒരാൾ പോലീസ് ട്രെയിനിംഗ് കോളേജിലും 8 പേർ റെയിൽവേയിലും 2 പേർ ഇന്റലിജൻസ് വിഭാഗത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly